**കേരള സർക്കാർ**

**ധനകാര്യ (ഐ.റ്റി. സോഫ്റ്റ്‌വെയർ) വകുപ്പ്**

നം. 72/2021/ധന

തിരുവനന്തപുരം
തീയതി : 08/09/2021
ഫോൺ: 1800-425-1857

**<u>സർക്കുലർ</u>**

വിഷയം :- സംസ്ഥാന സർക്കാർ ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് ഓൺലൈൻ (SCORE) മുഖേന സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന :- സ.ഉ(സാധാ)നം.3113/2021/പൊ.ഭ.വ, തീയതി 18.08.2021.

എല്ലാ സംസ്ഥാന സർക്കാർ ജീവനക്കാരും 2021 സെപ്റ്റംബർ 1 മുതൽ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ധനകാര്യ (ഐ.റ്റി സോഫ്റ്റ്‌വെയർ) വകുപ്പ് വികസിപ്പിച്ചെടുത്ത വെബ് അധിഷ്ഠിത സോഫ്റ്റ്‌വെയർ **SCORE** മുഖേന (*www.score.kerala.gov.in*) സമർപ്പിക്കുവാൻ സൂചന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലെയും സർക്കാർ ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സ്കോർ മുഖേന തയ്യാറാക്കി സമർപ്പിക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഓരോ വകുപ്പിലും വകുപ്പുതല പ്രൊമോഷൻ കമ്മിറ്റിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ചുമതലയുള്ള വിഭാഗത്തിലെ ഒരു ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തേണ്ടതാണ്. അതത് വകുപ്പിലെ നോഡൽ ഓഫീസറെ സ്കോറിൽ ഉൾപ്പെടുത്തിയാൽ മാത്രമേ ജീവനക്കാർക്ക് സ്കോർ മുഖേന കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കുവാൻ കഴിയുകയുള്ളൂ.

ആയതിനാൽ വകുപ്പുമേധാവികൾ ഓരോ വകുപ്പിലും നോഡൽ ഓഫീസറുടെ ചുമതല അനുയോജ്യരായ ഉദ്യോഗസ്ഥർക്ക് നൽകിയ ശേഷം, ടി ഓഫീസറുടെ പെൻ, പേര്, ഇ-മെയിൽ ഐഡി, മൊബൈൽ നമ്പർ, ഡിപ്പാർട്ട്മെന്റ് എന്നീ വിവരങ്ങൾ ധനകാര്യ (ഐ.റ്റി സോഫ്റ്റ്‌വെയർ) വകുപ്പിനെ *info.score@kerala.gov.in* എന്ന ഇ-മെയിൽ വിലാസം മുഖേന അറിയിക്കേണ്ടതാണ്.

**രാജേഷ് കുമാർ സിംഗ്, IAS**
**അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യം**

പകർപ്പ് :-

- എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും.
- സെക്രട്ടേറിയറ്റിലെ പൊതുഭരണം/നിയമം/ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും എല്ലാ സെക്ഷനുകൾക്കും (തങ്ങളുടെ കീഴിൽ വരുന്ന വകുപ്പുകളുടെ നിയമനാധികാരികളെ/മേധാവികളെ അറിയിക്കുന്നതിനായി)
- എല്ലാ വകുപ്പുമേധാവികൾക്കും.
- എല്ലാ ജില്ലാ കളക്ടർമാർക്കും.
- ഗവർണറുടെ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം)
- സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, കേരള, തിരുവനന്തപുരം.
- സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
- അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം/ തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
- രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)
- വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ ചേർക്കുന്നതിന്)
- കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

പകർപ്പ് :-
ബഹു. മുഖ്യമന്ത്രിയുടെ പി.എസിന്
എല്ലാ വകുപ്പ് മന്ത്രിമാരുടെയും പി.എസിന്
ബഹു. ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്

**ഉത്തരവിൻ പ്രകാരം**

Anuja gladis. K.L

**മാനേജർ (ഐ.റ്റി. സോഫ്റ്റ്‌വെയർ)**